# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 6652 01.11.2011 - ൽ മറുപടിക്ക്

### ജല അതോറിറ്റിയുടെ പ്രവർത്തനം

**ചോദ്യം**

ശ്രീ. മഞ്ഞളാംകുഴി അലി

**മറുപടി**

ശ്രീ. പി ജെ. ജോസഫ്
(ജലവിഭവ വകുപ്പ് മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | ജല അതോറിറ്റിയുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | കുടിവെള്ള വിപുലീകരണ പദ്ധതികൾക്കായി ഭാരിച്ച തുക വായ്പയെടുക്കുന്നതും യഥാസമയം പ്രസ്തുത പദ്ധതികൾ പൂർത്തിയാക്കാതെ കിടക്കുന്നതും സംബന്ധിച്ച് ഒരു വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; | (ബി) | ജൈക്ക സഹായത്തോടെ കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കി വരുന്ന അഞ്ചു ശുദ്ധ ജലവിതരണ പദ്ധതികളുടെ 21 കോൺട്രാക്ടുകൾ ഏർപ്പെടുത്തിയിട്ടുള്ളത് പൂർത്തിയാക്കാൻ കാലതാമസം നേരിട്ടിട്ടുണ്ട്. പദ്ധതി പൂർത്തീകരണത്തിനു വന്ന കാലതാമസം പല അവലോകന മീറ്റിംഗുകളും വിലയിരുത്തിയിട്ടുണ്ട്. മറ്റു പദ്ധതികൾ പൂർത്തിയാകാതെ കിടക്കുന്നത് സംബന്ധിച്ച് അവലോകന യോഗങ്ങൾ നടത്താറുണ്ട്. |
| (സി) | എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | (സി) | കോൺട്രാക്ടർമാരുടെ ഭാഗത്തുനിന്നുള്ള പ്രശ്നങ്ങളും അതോറിറ്റിയുടെ ഭാഗത്തുനിന്നുള്ള പ്രശ്നങ്ങളും ഇതിന് കാരണമായിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ മണൽ, വിദഗ്ദ/അവിദഗ്ദ തൊഴിലാളികളുടെ ലഭ്യത, പൊതുവെയുണ്ടായിരുന്ന സാമ്പത്തിക മാന്ദ്യം (പ്രത്യേകിച്ചും 2007 മുതൽ 2009 വരെയുള്ള കാലയളവിൽ), ഉയർന്നുകൊണ്ടിരുന്ന വിലനിലവാരം തുടങ്ങിയവ കോൺട്രാക്ടർമാരുടെ ഭാഗത്തുനിന്നും പദ്ധതി പ്രവർത്തനം മന്ദഗതിയിലാവാൻ കാരണമായി. അയ്യായിരം കിലോമീറ്ററോളം |

പൈപ്പുലൈൻ അഞ്ചു പദ്ധതികളിലുമായി ഇടാനാണ് വിഭാവനം ചെയ്തിരുന്നത്. ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും നിശ്ചിത കാലയളവിൽ ഇതിന് അനുമതി ലഭ്യമാക്കുന്നതിന് സാധിക്കാതെ വന്നു. പലപ്പോഴും അതതു വകുപ്പുകൾ റോഡുവികസന പ്രവർത്തനങ്ങളും സമാന്തരമായി ഏറ്റെടുത്തിരുന്നു. പല റോഡുകളും ആധുനിക രീതിയിൽ വികസിപ്പിക്കുകയും ചെയ്തിരുന്നു. കെ.എസ്.ടി.പി, കെ.ആർ.എഫ്.ബി തുടങ്ങിയ റോഡുകൾ ഇത്തരത്തിൽപ്പെടുന്നു. നാഷണൽ ഹൈവേ വികസനം ഏറ്റെടുത്തിരുന്നതിനാൽ, ദേശീയ പാതയിലൂടെ പൈപ്പിടുന്നതിനുള്ള അനുമതി ന്യൂഡൽഹിയിലെ നാഷണൽ ഹൈവേ അതോറിറ്റിയിൽ നിന്നും വാങ്ങേണ്ടി വന്നു. അതിന് അവർ പല നിബന്ധനകളും വയ്ക്കുകയും അതിനു വിധേയമായാണ് അനുമതി ലഭിക്കുകയും ചെയ്തത്.

എല്ലാ പ്രോജക്ടുകളിലും പല സ്ഥലങ്ങളിലും റെയിൽവേലൈൻ ക്രോസ് ചെയ്ത് പൈപ്പുലൈനുകൾ സ്ഥാപിക്കേണ്ടിയിരുന്നു. ഇതിന് തിരുവനന്തപുരം പാലക്കാട് റെയിൽവേ ഡിവിഷനുകളുമായും ചെന്നൈയിലെ ദക്ഷിണ റെയിൽവേ ഹെഡ് ക്വാർട്ടേഴ്സുമായും ധാരാളം ബന്ധപ്പെടേണ്ടി വന്നു.

അതിനുശേഷവും ചേർത്തല പോലുള്ള സ്ഥലങ്ങളിൽ ധാരാളം ക്രോസിംഗുകൾ (ആകെ 13 ക്രോസിംഗ്) ചെയ്യേണ്ടതിന്, ഒരു സമയത്ത് ഒരു വർക്കിൽ കൂടുതൽ അംഗീകാരം ലഭിച്ചിരുന്നില്ല. തിരുവനന്തപുരത്ത് ആർ എം എസ് നു സമീപം റെയിൽവേ ലൈനുകൾ ക്രോസ് ചെയ്യേണ്ടതിന് ഈയിടെയാണ് അനുമതി ലഭ്യമായത്.

പദ്ധതിയുടെ നടത്തിപ്പു സമയത്ത് അനുഭവപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്

പുതിയ സ്ഥലങ്ങൾ അക്വയർ ചെയ്യേണ്ടതായി വന്നു. എന്നാൽ ലാന്റ് അക്വിസിഷൻ പല കാരണങ്ങളാൽ നീണ്ടു പോയി. ഇപ്പോഴും കോഴിക്കോട് പദ്ധതിയ്ക്കാവശ്യമായ ചില സ്ഥലങ്ങൾ ലഭിക്കുവാനുണ്ട്.

പദ്ധതി പൂർത്തിയായ ശേഷം പദ്ധതിയുടെ കൺസൾട്ടന്റിൽ നിന്നും വിശദമായ അവലോകന റിപ്പോർട്ട് ആവശ്യപ്പെടുന്നതാണ്. ഇത് ഭാവിപ്രോജക്ടുകൾക്ക് പ്രയോജനപ്പെടുത്താൻ സാധിക്കും.

ആവശ്യമായ സ്ഥലം ലഭിക്കാനുള്ള കാലതാമസം, ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭ്യമാകേണ്ട അനുമതിയിലുള്ള കാലതാമസം, ടെണ്ടറുകളുടെ അംഗീകാരത്തിനുണ്ടാകുന്ന കാലതാമസം തുടങ്ങിയ കാരണങ്ങളാൽ പദ്ധതി പൂർത്തീകരണം വൈകുന്നുണ്ട്.

| | | | |
|---|---|---|---|
| (ഡി) | പതിനായിരക്കണക്കിന് വാട്ടർ മീറ്ററുകൾ വർഷങ്ങളായി കേടായിക്കിടക്കുകയാണെന്നും അത് മാറ്റി യഥാസമയം കുടിശ്ശിക പിരിക്കുന്നതിന് ജല അതോറിറ്റി വീഴ്ച വരുത്തുകയാണെന്നുമുള്ള ആക്ഷേപം പരിശോധിക്കുമോ; | (ഡി) | കേടായ വാട്ടർ മീറ്ററുകൾ കണ്ടെത്തി ഉപഭോക്താക്കൾക്ക് യഥാസമയം നോട്ടീസ് നൽകുകയും മീറ്ററുകൾ അടിയന്തിരമായി മാറ്റി വയ്പിക്കുകയും ചെയ്യാറുണ്ട്. ഇത്തരം ഉപഭോക്താക്കളുടെ പക്കൽ നിന്നും നിയമരമായ കുടിശ്ശിക ഈടാക്കുകയും മീറ്റർ മാറ്റി സ്ഥാപിക്കാതെ വന്നാൽ ഉപഭോക്താക്കളുടെ വാട്ടർ കണക്ഷൻ വിഛേദിക്കുകയും ചെയ്തുവരുന്നു. |
| (ഇ) | ജല അതോറിറ്റിയുടെ അനാസ്ഥകൊണ്ട് പൈപ്പ് പൊട്ടിയും നിർമ്മാണത്തകരാർ മൂലവും വൻതോതിൽ ശുദ്ധജലം പാഴാകുന്ന സ്ഥിരം സ്ഥിതിവിശേഷം തുടരുകയാണെ: കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഇ) | കാലപ്പഴക്കം ചെന്ന പൈപ്പുകളിൽ യഥാസമയം അറ്റകുറ്റപ്പണികൾ ചെയ്യാൻ ഉണ്ടാകുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ കാരണം ചില അവസരങ്ങളിൽ വെള്ളം പാഴാകാറുണ്ട്. എന്നാൽ അറ്റകുറ്റപ്പണികൾ യഥാസമയം നടത്താതെ വൻതോതിൽ ശുദ്ധജലം പാഴാകുന്ന സ്ഥിരം സ്ഥിതി വിശേഷം ഉണ്ടാകാറില്ല. |

(എഫ്) ജല അതോറിറ്റിയുടെ അനാസ്ഥ ഒഴിവാക്കാനും കാര്യക്ഷമമായി ജല അതോറിറ്റിയെ പുന:സംഘടിപ്പിക്കാനും സർക്കാർ നടപടി സ്വീകരിക്കുമോ ?

(എഫ്) ജല അതോറിറ്റിയെ പുന:സംഘടിപ്പിക്കാൻ വേണ്ടിയുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ അതോറിറ്റിയിലെ സ്ഥാപനശാക്തീകരണ ക്കമ്മിറ്റിയെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. സ്ഥാപനശാക്തീകരണക്കമ്മിറ്റി ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, ബാംഗ്ലൂരു-മായി ചേർന്ന് പഠനം നടത്തിവരുന്നു. ഈ പഠനത്തിന്റെ ശുപാർശ പരിശോധിച്ച് ആവശ്യമായ അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ